(സി) സംസ്ഥാനത്തെ മറ്റ് മാനസികരോഗാശുപത്രികളിലും ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് മാനസികരോഗാശുപത്രിയിൽ ഇപ്പോൾ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ വേക്കൻസി നിലവിലുണ്ട്. ആയത് നിയമന ശിപാർശയ്ക്കായ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറോട് പ്രസ്തുത വിഷയം സംബന്ധിച്ച് പത്താം ശമ്പള കമ്മീഷന് റഫർ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മറ്റ് രണ്ട് മാനസികരോഗാശുപത്രിയിലും ടി തസ്തിക ഓരോന്നുവീതം നിലവിലുണ്ട്. നിലവിൽ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി

89 (781) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

തെങ്ങിലകടവിലെ കാൻസർ സെന്റർ

90 (782) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-10-2014-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്തയോഗത്തിൽ മാവൂർ തെങ്ങിലകടവിലെ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്ററിന് ലീസിനുകൊടുത്ത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly